പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1648 18/06/2012 - ൽ മറുപടിക്ക്

മടപ്പള്ളി ഫിഷറീസ് ഹൈസ്ക്കൂൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കെ. നാണു: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | വടകര ഒഞ്ചിയത്തെ മടപ്പള്ളി ഫിഷറീസ് ഹൈസ്ക്കൂളിന്റെ പേര് മടപ്പള്ളി ഹയർ സെക്കണ്ടറി വിദ്യാലയം എന്ന് മാറ്റിയതിനെത്തുടർന്ന് ഫിഷറീസ് വിദ്യാലയങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടമായതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | മടപ്പള്ളി ഫിഷറീസ് സ്ക്കൂൾ ഒരു ഫിഷറീസ് ടെക്നിക്കൽ സ്ക്കൂൾ അല്ല. അത് ഒരു സാധാരണ സ്ക്കൂളാണ്. ഒരു സാധാരണ സർക്കാർ സ്ക്കൂളിൽ പഠിക്കുന്ന മത്സ്യതൊഴിലാളി കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മാത്രമായിരുന്നു ഈ സ്ക്കൂളിലും ലഭിച്ചിരുന്നത്. അതു തുടർന്നും ലഭിക്കുന്നതാണ്. |
| (ബി) | ഫിഷറീസ് വിദ്യാലയങ്ങൾ എന്ന നിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാർ സ്ക്കൂളിൽ പഠിക്കുന്ന മത്സ്യതൊഴിലാളി കുട്ടിക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ മാത്രമായിരുന്നു ഈ സ്ക്കൂളിൽ പഠിച്ചിരുന്ന മത്സ്യതൊഴിലാളി കുട്ടികൾക്കു ലഭിച്ചിരുന്നത്. അതു തുടർന്നും ലഭിക്കുന്നതാണ്. ഫിഷറീസ് വകുപ്പിൽ നിന്നും പ്രത്യേകിച്ച് ആനുകൂല്യങ്ങൾ ഒന്നും ഈ സ്ക്കൂളിനു അനുവദിച്ചിട്ടില്ലായിരുന്നു. |

സെക്ഷൻ ഓഫീസർ